രോഗപ്രതിരോധ പ്രവർത്തനങ്ങളും പ്രചരണവും

15 (6720) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും പ്രചരണത്തിനുമായി ഒരുവർഷം എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലായ്മ ചെയ്തു എന്നവകാശപ്പെട്ട കോളറ പോലുള്ള രോഗങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഓരോ കാലത്തും പലവിധത്തിലുള്ള പനി ഉണ്ടാകുന്നതും പടരുന്നതും എന്തുകൊണ്ടാണെന്ന് എന്നെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) രോഗപ്രതിരോധത്തിനും നിയന്ത്രണങ്ങൾക്കും പ്രചരണത്തിനുമായി ഒരു വർഷം ഏകദേശം 30 കോടി രൂപയിലധികം ചെലവഴിക്കുന്നുണ്ട്. കൂടാതെ ജീവനക്കാർക്ക് (പൊതുജനാരോഗ്യം) വേതനം നൽകുന്നതിനുവേണ്ടി ഫണ്ടുകൾ അനുവദിക്കുന്നുമുണ്ട്. ഇതിൽ സംസ്ഥാന പ്ലാൻ പ്രോഗ്രാമായി രോഗപര്യവേഷണവും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി 4.30 കോടി രൂപയും ജലജന്യരോഗങ്ങളുടെ പ്രതിരോധത്തിനായി 65 ലക്ഷം രൂപയും ഓരോ വാർഡിനും എൻ.ആർ.എച്ച്.എം. വഴി 10000 രൂപയും ശുചിത്വ മിഷൻ വഴി 10000 രൂപയും പഞ്ചായത്ത് വഴി 5000 രൂപയും അനുവദിച്ചിട്ടുള്ളതും ഉൾപ്പെടുന്നു. ഈ വർഷം 2014-15 ഐ.ഡി.എസ്.പി.ക്ക് 201 ലക്ഷം രൂപയും എൻ.വി.ബി.ഡി.സി.പി.ക്ക് 1257 ലക്ഷം രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്ലാൻ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം കൂടുതലായി ലഭിച്ചിട്ടുണ്ട്.

(ബി) കോളറ നിർമ്മാർജ്ജനം ചെയ്ത രോഗമല്ല. ഈ രോഗം സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഏപ്രിൽ, മേയ്, ജൂൺ, സെപ്തംബർ മാസങ്ങളിൽ കാണാറുണ്ട്. കഴിഞ്ഞ വർഷം 2013-ൽ വയനാട്, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകളിൽ നിന്നും കോളറ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ വർഷവും വയനാട്, പാലക്കാട്, തൃശ്ശൂർ ജില്ലകളിലായി ഒറ്റപ്പെട്ട കോളറ കേസുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. മഴക്കാലം ആരംഭിക്കുന്നതിനു മുമ്പേ വയറിളക്ക രോഗങ്ങളും മറ്റ് ജലജന്യ രോഗങ്ങളും കൂടുതലായി ഉണ്ടാവാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ രോഗനിരീക്ഷണ നിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി കുടിവെള്ള ത്തിന്റെ ഗുണമേന്മ പരിശോധന, ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജലജന്യരോഗങ്ങൾ പടരുന്ന മാർഗ്ഗത്തെക്കുറിച്ചും അത് തടയുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുക യുണ്ടായി. കുടിവെള്ളത്തിന്റെ ക്ലോറിനേഷന് ആവശ്യമായ സ്ഥലത്ത് ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളികകൾ, ക്ലോറിൻ ലായനി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. വയറിളക്ക രോഗചികിത്സയ്ക്കായി ഒ.ആർ.എസ്സ്. ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോജക്ട് (ഐ.ഡി.എസ്.പി.)-ന്റെ ഭാഗമായി രോഗം പൊട്ടിപ്പുറപ്പെടാനുള്ള സൂചനകൾ മുൻകൂറായി ഫീൽഡ് ജീവനക്കാർ റിപ്പോർട്ട് ചെയ്യുന്നു. അത്തരം പ്രദേശങ്ങൾ വിദഗ്ധർ അടങ്ങിയ സംഘം സന്ദർശിച്ച് വേണ്ട നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനതലത്തിലുള്ള ദ്രുതകർമ്മ സേനയും (ആർ.ആർ.റ്റി.) പകർച്ചവ്യാധികൾ വരുന്നത് സംബന്ധമായ കാര്യകാരണവിശകലനം ഉൾപ്പെടെയുള്ള പഠനം നടത്താറുണ്ട്. ചില അവസരങ്ങളിൽ വിദഗ്ദ്ധർ അടങ്ങിയ കേന്ദ്ര സംഘവും ഇത്തരം പ്രദേശങ്ങളിൽ പഠനം നടത്തി രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്.

പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള ഈ വർഷത്തെ കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മുതൽ ചിട്ടയായി നടന്നുവരുന്നു. മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ സംസ്ഥാനതലത്തിലും ജില്ലകളിലും താഴെ തട്ടിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തു. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ പരിശീലനം കൊടുത്തു. കൈപുസ്ത കങ്ങളും ചികിത്സാ മാർഗ്ഗരേഖകളും തയ്യാറാക്കി വിതരണം ചെയ്തു. ഏപ്രിൽ, മെയ് മാസങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണം കൊതുകുറവിട നശീകരണ ക്യാമ്പയിനുകൾ, ജല ശുദ്ധീകരണ ക്യാമ്പയിനുകൾ തുടങ്ങിയവ നടപ്പിലാക്കി ഐ.ഡി.എസ്.പി. വഴി വിവിധ ജില്ലകളിൽ രോഗ നിരീക്ഷണം നടത്തി രോഗം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് സത്വര നിയന്ത്രണ നടപടികൾ തുടർച്ചയായി സ്വീകരിച്ചു കൊണ്ടിരിക്കുന്നു. കൊതുകുറവിട നിരീക്ഷണം, ശുചിത്വ നിരീക്ഷണം തുടങ്ങിയവ കാര്യക്ഷമമാക്കി മരുന്ന്, കൊതുകു നിയന്ത്രണ ഉപകരണങ്ങൾ, കീടനാശിനികൾ, മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾക്കുൾപ്പെടെയുള്ള പകർച്ചവ്യാധി നിയന്ത്രണത്തിന് ഫണ്ട് ലഭ്യമാക്കി രോഗം പൊട്ടിപ്പുറപ്പെടുന്നതനുസരിച്ച് പനി ക്ലിനിക്കുകൾ, പനി വാർഡുകൾ, മൊബൈൽ ക്ലിനിക്കുകൾ എന്നിവ ആവശ്യാനുസരണം തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly